"ഭരണഭാഷ-മാതൃഭാഷ"

No.DWCD/4413/2024-ICPS 13

വനിത ശിശു വികസന ഡയറക്ടറേറ്റ്,
സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 26-07-2024
E-Mail:icpskerala@gmail.com
Phone No.0471-23462235

## ടെണ്ടർ നോട്ടീസ്

വനിത ശിശു വികസന വകുപ്പിന്റെ ഭാഗമായ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ കീഴിൽ നടപ്പിലാക്കി വരുന്ന ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഓ.ആർ.സി.) പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉപയോഗത്തിനായി കരാർ തീയതി മുതൽ ഒരു വർഷ കാലയളവിലേയ്ക്ക് ഒരു 5 സീറ്റർ സെഡാൻ മോഡൽ A/C കാർ കരാർ അടിസ്ഥാനത്തിൽ നൽകുന്നതിന് താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിയ്ക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | 4,20,000/- രൂപ |
| ടെണ്ടർ ഫോറത്തിന്റെ വില | 900/- രൂപ + GST= 672/- |
| ടെണ്ടർ ഫോമിന്റെ വിൽപന ആരംഭിക്കുന്ന തീയതി | 29.07.2024 ( 10am-5pm on working Days) |
| ടെണ്ടർ ഫോറം വിൽപ്പന അവസാനിപ്പിക്കുന്ന തീയതിയും സമയവും | 12.08.2024 - 2pm |
| പൂരിപ്പിച്ച ടെണ്ടറുകൾ ആവശ്യമായ രേഖകൾ സഹിതം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും | 12.08.2024 - 5pm |
| ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | 13.08.2024 - 11am |
| ടെണ്ടർ സമർപ്പിക്കേണ്ട അധികാരിയുടെ ഓഫീസ് മേൽവിലാസം- | വനിത ശിശു വികസന ഡയറക്ടർ,<br>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി,<br>സെൻട്രൽ ജയിലിനു എതിർവശം,<br>പൂജപ്പുര, തിരുവനന്തപുരം - 695 012. |

**നിബന്ധനകൾ;-**

1. പ്രതിമാസം 2000 കി.മീ. ഓടുന്നതിന് 35,000/-രൂപ നൽകുന്നതാണ്. (വണ്ടി വാടക ഡ്രൈവറുടെ ശമ്പളം മെയിൻറൻസ് ഉൾപ്പെടെ).

2. അടങ്കൽ തുകയുടെ 1% EMD ആയി ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
3. വാഹനം 7 വർഷത്തിലധികം കാലപ്പഴക്കം ഉള്ളവയായിരിക്കരുത്. ടാക്സി പെർമിറ്റ് നിർബന്ധമാണ്.
4. വകുപ്പിൽ നിന്നും വാഹന വാടക മാത്രമേ അനുവദിക്കുകയുള്ളു. ടാക്സ്, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
5. ടെണ്ടറിനോടൊപ്പം വാഹനത്തിന്റെ ബുക്ക്, ടാക്സി പെർമിറ്റ്, ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസ്

എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്

6. ടെണ്ടറുകൾ യാതൊരു കാരണവും കൂടാതെ നിരുപാധികം നിരസിക്കുകയും തീർപ്പ് കൽപ്പിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും നീട്ടി വയ്ക്കുന്നതിനുമുള്ള അധികാരം ടെണ്ടർ ക്ഷണിച്ച അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

7. ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ ടെണ്ടർ തീയതി മുതൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും തിരുവനന്തപുരം പൂജപ്പുരയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ നിന്നും അറിയാവുന്നതാണ്.

8. മേൽ വ്യവസ്ഥകൾക്ക് വിപരീതമായോ ഉപരിയായോ എന്തെങ്കിലും വ്യവസ്ഥകൾ ധനവകുപ്പിൽ നിന്നും ഉണ്ടാകുന്ന പക്ഷം പ്രസ്തുത ടെണ്ടർ റദ്ദാക്കി പുതിയ ടെണ്ടർ വിളിക്കാവുന്നതാണ്.

9. കരാർ ഉറപ്പിക്കുന്ന പക്ഷം കരാർ തുകയുടെ 1% TDS ഇനത്തിൽ വസൂലാക്കി കരാറുകാരന്റെ പാൻ അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

ടെണ്ടർ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് **"ഒ.ആർ.സി.യ്ക്ക് വാഹനം കരാർ അടിസ്ഥാനത്തിൽ നൽകാനുള്ള ടെണ്ടർ"** എന്ന് രേഖപ്പെടുത്തിയിരിക്കണം. ടെണ്ടറുകൾ സമർപ്പിക്കേണ്ട അവസാന തീയതിയിലെ പരാമർശിത സമയത്തിന് മുൻപായി സീൽ ചെയ്ത കവറുകളിൽ ടെണ്ടർ സമർപ്പിക്കേണ്ടതും അടുത്ത ദിവസം 3 മണിക്ക് ഹാജരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതുമാണ്. കരാർ അംഗീകരിച്ച് ലഭിക്കുന്ന പക്ഷം 200 രൂപയുടെ മുദ്രപത്രത്തിൽ വനിത ശിശു വികസന ഡയറക്ടറുമായി എഗ്രിമെന്റ് വയ്ക്കേണ്ടതും അടങ്കൽ തുകയുടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതുമാണ്.

കൂടുതൽ വിവരങ്ങൾ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന വനിത ശിശു വികസന ഡയറക്ടറേറ്റ് സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി ഓഫീസിൽ നിന്നും ലഭ്യമാണ്.

വിശ്വസ്തതയോടെ,

HARITHA V KUMAR

വനിത ശിശു വികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി SCPS

അംഗീകാരത്തോടെ,

പ്രോഗ്രാം മാനേജർ